5. പ്രത്യേക പരിരക്ഷ അർഹിക്കുന്ന കുട്ടികൾക്കായി സമ്പൂർണ്ണ ആഫ്റ്റർ കെയർ പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്യുന്നതാണ്.

6. മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ടൗൺഷിപ്പുകളിലും തെരുവു കുട്ടികളെ സംബന്ധിച്ചുള്ള സർവ്വെ നടപ്പിലാക്കുന്നതാണ്.

7. നിയമം നടപ്പിലാക്കുന്ന ഏജൻസികളിൽ നിന്നും കിട്ടുന്ന പ്രത്യേക റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിരക്ഷ അർഹിക്കുന്ന കുട്ടികൾക്കുവേണ്ടി ജില്ലാ തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകളുമായി സംയോജിപ്പിച്ച് കർമ്മ പരിപാടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർമ്മപരിപാടിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ട തുക അതാത് വകുപ്പുകൾ തന്നെ ബഡ്ജറ്റ് വിഹിതമായി കണ്ടെത്തുന്നുണ്ട്.

(ബി & സി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) വിശദാംശം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ആക്ഷൻ പ്ലാനിന്റെ നിർവ്വഹണത്തിനായുള്ള ചെലവുകൾ പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട വകുപ്പുകൾ അവരവരുടെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്.

വിധവാ പെൻഷൻ കുടിശ്ശിക നൽകാൻ നടപടി

27 [965] ശ്രീ. ജി. കാർത്തികേയൻ:

,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്ക് വിധവാ പെൻഷൻ നൽകിവരുന്നു ;

(ബി) ഇതിന്റെ എത്ര ഗഡു കുടിശ്ശികയായിട്ടുണ്ട് ; ഈ കുടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പെൻഷനും ഒന്നാം തീയതി മുതൽ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2,51,704 പേർക്ക്.

(ബി) കുടിശ്ശിക ഇല്ല.

(സി) വിധവാപെൻഷൻ എല്ലാ മാസവും ഒന്നാം തീയതി തന്നെ വിതരണം ചെയ്തിരിക്കണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നതിനാവശ്യമായ തുക മുൻകൂട്ടി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly